പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5191 | 31.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകളുടെയും, കുട്ടികളുടെയും വികാസത്തിനായി ഒരു വകുപ്പ്** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.പി.സി.ജോർജ്** | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| (എ) കേരളത്തിലെ സ്ത്രീകളുടെയും, കുട്ടികളുടെയും വികാസത്തിനായി ഒരു വകുപ്പ് സൃഷ്ടിക്കുമെന്ന് 24-06-2016-ലെ നിയമസഭയിലെ പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ പ്രസ്താവിച്ച പ്രകാരം എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) സ്ത്രീകളുടെയും, കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് രൂപീകരിക്കുന്ന വിഷയത്തിൽ പഠനം നടത്തി ആറുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് 17.09.2016 ലെ സ.ഉ(സാധാ)നം.436/2016/ സാനീവ പ്രകാരം സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ.വി.എൻ.ജിതേന്ദ്രനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടന്നു വരുന്നു. |
| (ബി) സ്ത്രീകളെ വികസന പ്രക്രിയയിൽ ഉൾപ്പെടുത്തുവാനും, അവർക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുവാനും ലിംഗസമത്വം ഉറപ്പാക്കുവാനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ; | (ബി) സ്ത്രീകളെ വികസന പ്രക്രിയയിൽ ഉൾപ്പെടുത്തുവാനും, അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുമായി "ജെന്റർ പോളിസി" രൂപീകരിച്ച് സാമൂഹ്യനീതി വകുപ്പിലെ ശിശു വികസന പദ്ധതി ഓഫീസർമാർ വഴി നടപ്പിലാക്കി വരുന്നു. ഇതിലേയ്ക്കായി ശിശു വികസന പദ്ധതി ഓഫീസർമാരെ ഉൾപ്പെടുത്തി TOT (Training of Trainers) ശില്പശാലകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ താഴെത്തട്ടിൽ നിന്നും തടയുന്നതിന് ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സ്കൂൾ കൗൺസലേഴ്സ് വഴിയും NSS (National Service Scheme), SPC (Students Police Cadet) വഴിയും സ്കൂൾതലം മുതൽ ലിംഗസമത്വം നടപ്പിലാക്കുന്നതിനായി ട്രെയിനിംഗ് നൽകുവാൻ സാധിച്ചിട്ടുണ്ട്. ലിംഗസമത്വം ഉറപ്പാക്കുന്നതിനായി ധനകാര്യ വകുപ്പ് ജെന്റർ ബഡ്ജറ്ററി സെൽ രൂപീകരിക്കുകയും ഇതിന്റെ നോഡൽ ഏജൻസിയായി സാമൂഹ്യനീതി വകുപ്പിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) കേരളത്തെ സമ്പൂർണ്ണമായും ഒരു ലിംഗ-സൗഹൃദ സംസ്ഥാനമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) കേരളത്തെ സമ്പൂർണ്ണമായും ഒരു ലിംഗ-സൗഹൃദ സംസ്ഥാനമാക്കുന്നതിനായി ജെന്റർ പോളിസി, ട്രാൻസ്ജെന്റർ പോളിസി എന്നിവ രൂപീകരിച്ചിട്ടുണ്ട്. ലിംഗപരിവർത്തിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനതല ട്രാൻസ്ജെന്റർ ജസ്റ്റീസ് ബോർഡും ജില്ലാതല ട്രാൻസ്ജെന്റർ ജസ്റ്റീസ് ബോർഡും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾതലത്തിൽ ട്രാൻസ്ജെന്റർ കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് പ്രത്യേക പരിഗണന നൽകി അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി സ്കൂൾ ടീച്ചേഴ്സിന് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രാൻസ്ജെന്ററുമായി ബന്ധപ്പെട്ട് അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന CBO (Community Based Organization) യുമായി സഹകരിച്ചു കൊണ്ട് 14 ജില്ലകളിലും സ്കിൽ ട്രെയിനിംഗ് നടത്തുവാനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു. ട്രാൻസ്ജെന്ററിന് തിരിച്ചറിയൽ കാർഡ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ